ഭരണഭാഷ-മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം.

വിഷയം:-- ഡി.ഇ.എസ് — ജീവനക്കാര്യം - ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) തൊഴിലും നൈപുണ്യവും (ആർ)വകുപ്പിന്റെ 26/11/2018 ലെ സ.ഉ (സാധാ) നമ്പർ 1350/2018/തൊഴിൽ നമ്പർ കത്ത്.

2) ഗ്രഡേഷൻ സെൽ 27/05/2017 ലെ 22000/2016/ഡി.ഇ.എസ് നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

3) ഉദ്യോഗക്കയറ്റം പരിത്യജിച്ചത് സംബന്ധിച്ചത് ശ്രീമതി.മണി.സി.ആർ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 03/09/2018 ലെ പ്രസ്താവന.

4) ധനകാര്യ വകുപ്പിന്റെ 20/01/2016 ലെ ജി.ഒ.(പി) 7/2016/ഫിൻ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ.ബി (3) 70/2018/ഡിഇഎസ്, തീയതി 27/12/2018**

ഈ വകുപ്പിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.പ്രേമൻ.എം അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്ന ശ്രീമതി.പ്രേമലത.വി.വി 31/07/2018 ന് അടുത്തുണ്‍പറ്റി പിരിഞ്ഞിട്ടുണ്ട്. ശ്രീ.പ്രേമൻ.എം ന്റെ അന്യത്രസേവന കാലാവധി 13/11/2018 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയ സാഹചര്യത്തിൽ ഫെയർ കോപ്പി സൂപ്രണ്ടിന്റെ ഒഴിവ് നിലവിലുണ്ട്.

പരാമർശം (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിൽ ഏറ്റവും സീനിയറായ ശ്രീമതി.സി.ആർ.മണി പരാമർശം (3) പ്രകാരം 5 വർഷത്തേയ്ക്ക് ഉദ്യോഗക്കയറ്റം പരിത്യജിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും നിലവിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് കണ്ണൂർ ജില്ലാ ഓഫീസിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമായ ശ്രീ.മനോജ് കുമാർ.എൻ.പിയ്ക്ക് 30700-65400/- രൂപ ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റിൽ ഡെസ്പാച്ച് വിഭാഗത്തിൽ നിയമിച്ചു ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥനെ നിയന്ത്രണാധികാരി യഥാസമയം വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)

**ഷിബു.എ.റ്റി**

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ശ്രീ.മനോജ് കുമാർ.എൻ.പി (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
2) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, കണ്ണൂർ
3) ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4) അക്കൗണ്ട്സ് / ഗ്രഡേഷൻ

**ഉത്തരവിൻ പ്രകാരം**

സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)